"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/17861/15

ചാക്ക, തിരുവനന്തപുരം
തീയതി: .06.2016

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 (സെമസ്റ്റർ സ്കീം) - പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്തണമെന്ന കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. എം.ഐ.എസ്. സെക്ഷനിൽ നിന്നുള്ള 6-1-2016 ലെ ഇ-മെയിൽ സന്ദേശം.
2. ഇതേ നമ്പരായുള്ള 16-11-2015, 18-11-2015 ലെ ചുറ്ററിയിപ്പുകൾ.
3. വിവിധ പരീക്ഷാ വിജ്ഞാപനങ്ങൾ

----------

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2014, 2015 എന്നീ വർഷങ്ങളിൽ അഡ്മിഷനായതും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ സമയബന്ധിതമായി രേഖപ്പെടുത്തിയാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റുകൾ ലഭിക്കുകയുള്ളൂ എന്ന് വിവിധ പരീക്ഷാ വിജ്ഞാപനങ്ങൾ മുഖേനയും സൂചന (2) പ്രകാരമുള്ള ചുറ്ററിയിപ്പുകൾ മുഖേനയും പല തവണ അറിയിപ്പ് നൽകിയിരുന്നു. പല സ്ഥാപനങ്ങൾ ഇനിയും ട്രെയിനികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് എം.ഐ. എസ്. സെക്ഷനിൽ നിന്ന് സൂചന (1) പ്രകാരം ലഭ്യമാക്കിയ നിർദ്ദേശ പ്രകാരം മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടില്ല. ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താത്ത കാരണത്താൽ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കാതെ വരുന്ന സാഹചര്യത്തിന് അതത് സ്ഥാപനമേധാവികൾക്ക് മാത്രമാണ് ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

1. സെമസ്റ്റർ ഒന്ന് (2015 ആഗസ്റ്റ് അഡ്മിഷൻ) റെഗുലർ, സെമസ്റ്റർ മൂന്ന് (2014 ആഗസ്റ്റ് അഡ്മിഷൻ) റെഗുലർ സെക്ഷണൽ മാർക്കും എക്സാമിനേഷൻ ഫീസ് അടച്ചോ ഇല്ലയോ എന്ന വിവരവും.

2. സെമസ്റ്റർ ഒന്ന്, സെമസ്റ്റർ രണ്ട് (2014 ആഗസ്റ്റ് അഡ്മിഷൻ) സപ്ലിമെന്ററി-എക്സാമിനേഷൻ ഫീസ് അടച്ചോ ഇല്ലയോ എന്ന വിവരം.
(വീഴ്ച വരുത്തിയ ഐ.ടി.ഐ കളുടെ വിവരം പരിശോധിക്കുന്നതിന് റെഗുലർ ട്രെയിനികളുടെ മാത്രം റിപ്പോർട്ടുകൾ, പൂർത്തിയാകാത്ത രേഖപ്പെടുത്തലുകൾ മഞ്ഞ നിറത്തിൽ ഹൈലൈറ്റ് ചെയ്ത് ഉൾപ്പെടുത്തുന്നു. വളരെ ഗൗരവമുള്ള വിഷയങ്ങൾ പ്രത്യേകം മാർക്ക് ചെയ്തിട്ടുണ്ട്).
എല്ലാ ഐ.ടി.ഐ. കളും ജനുവരി 6 ന് തന്നെ എല്ലാ വിവരങ്ങളും പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം
നോഡൽ ഐ.ടി.ഐ. കൾ തങ്ങളുടെ കീഴിലുള്ള ഐ.ടി.ഐ. കളുമായി നേരിട്ട് ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ഫീഡ്ബാക്ക് ഫോം തയ്യാറാക്കി വിവരം ഇ മെയിലായി എക്സലിൽ ജനുവരി 7 ന് മുൻപായി എം.ഐ.എസ്. സെക്ഷനിലേക്ക് അയച്ചു കൊടുക്കണം. പോർട്ടലിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് കഴിയാത്ത ഐ.ടി.ഐ. കൾക്ക് ആവശ്യമായ സാങ്കേതിക സഹായവും നൽകണമെന്ന് താല്പര്യപ്പെടുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി /
സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/06.01